**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2806** **22-01-2021 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ പുഴ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് 2020-ൽ സമർപ്പിച്ച എസ്റ്റിമേറ്റുകൾ ഏതെല്ലാം; ഇതിൽ എത്ര എണ്ണത്തിന് അനുമതി നൽകി; ഏതെല്ലാം ; വ്യക്തമാക്കുമോ; ഇതിൽ എത്ര എണ്ണത്തിന് അനുമതി നൽകുവാനുണ്ട്; ഏതെല്ലാം; കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്നും ഇറിഗേഷൻ ഇ.ഇ.മലപ്പുറത്തിന് ലഭിച്ച പരാതികൾ ഏതെല്ലാം; വ്യക്തമാക്കുമോ; | (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് 3 എസ്റ്റിമേറ്റുകളാണ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. സമർപ്പിക്കപ്പെട്ട 3 പ്രവൃത്തികളിൽ 2 എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇരിമ്പളിയം പഞ്ചായത്തിൽ വാർഡ് 7ൽ പുഴ മണ്ണൂരിൽ തൂതപ്പുഴയുടെ വലതുകര സംബന്ധിച്ചുള്ള പ്രവൃത്തിക്കാണ് ഇനി അനുമതി നൽകാനുള്ളത്. പൊൻമുള ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ സർവ്വേ നമ്പർ 1/28 വീട് നമ്പർ 2/335, കടലുണ്ടിപ്പുഴയുടെഇടത് കര സംരക്ഷണം സംബന്ധിച്ചാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറത്തിന് പരാതി ലഭിച്ചിട്ടുള്ളത്. ടിപരാതിയിൽ പ്രാഥമിക അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇരിമ്പിളിയം പഞ്ചായത്തിലെ തൂതപ്പുഴയുടെ വലതുകര സംരക്ഷണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ 7-)0 വാർഡിൽ പുറമണ്ണൂരിൽ തൂതപ്പുഴയുടെ വലതുകര സംരക്ഷണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | 2020ൽ ഭരണാനുമതി നൽകിയ കോട്ടക്കൽ മണ്ഡലത്തിലെ പ്രവൃത്തികളുടെ വിവരം ലഭ്യമാക്കുമോ? | (സി) | 2020-ൽ ഭരണാനുമതി നൽകിയ കോട്ടയ്ക്കൽ മണ്ഡലത്തിലെ പ്രവൃത്തികളുടെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|
| 1 | മലപ്പുറം ജില്ലയിൽ കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പൊന്മള ഗ്രാമ പഞ്ചായത്തിൽ രണ്ടാം വാർഡിൽ പൊന്മള തേൻപറമ്പ് വടക്കേക്കുണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണം | 29.00 | പ്രവൃത്തി ആരംഭിച്ചു. |
| 2 | മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ജുമാ മസ്ജിദിനു സമീപം കൊടങ്ങഴിക്കലിൽ ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം | 35.00 | കരാറുകാരനുമായി എഗ്രിമെൻറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| 3 | ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വാർഡ് 7 ൽ പുറമണ്ണൂരിൽ തുതപ്പുഴയുടെ വലതുകര സംരക്ഷണം | 35.00 | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ